## ക്യാമറക്കണ്ണുകളിലൂടെ...







30

ആഗസ്റ്റ്
2025
ശനിയാഴ്ച

# വൃത്താന്തം

സ്കൂൾ പത്രം. GHS മീനടത്തൂർ



### മീനടത്തൂർ സ്കൂളിന് മറിയ ടീച്ചറുടെ സ്നേഹോപഹാരം:

**UP സ്കൂൾ കമ്പ്യൂട്ടർ ലാബ് ഒരുക്കിനൽകി മുൻ അധ്യാപിക കൂടിയായ KP മറിയം (മറിയ ടീച്ചർ )**

23വർഷത്തെ സ്തുതർഹമായ സേവനത്തിന ശേഷം നമ്മുടെ വിദ്യാലയത്തിൽനിന്നും പടിയിറങ്ങിയ ഏവർക്കും പ്രിയകാരിയായ മറിയ ടീച്ചർ, താൻ പഠിപ്പിച്ച വിദ്യാലയത്തിലെ കുട്ടികൾക്ക് IT പഠനത്തിന് വേണ്ടത്ര സൗകാര്യം ഇല്ല എന്ന് തിരിച്ചറിഞ്ഞ്, അവർക്കു വേണ്ടി എല്ലാവിധ സൗകര്യങ്ങളോടും കൂടി ഒരു ലാബ് ഒരുക്കി നൽകി. അപ്പർ പ്രൈമറി വിദ്യാർത്ഥി കൾക്കായി ഒരുക്കിയ IT ലാബിന്റെ ഉദ്ഘാടനം താനാളൂർ പഞ്ചായത്ത് സ്ഥിര സമിതി അധ്യക്ഷ K V സിനി നിർവഹിച്ചു. പഞ്ചായത്തഗം



നസ്രത് ഭാനു അധ്യക്ഷത വഹിച്ചു.
പൂർവ വിദ്യാർഥികൾ സ്കൂളിന് സംഭാവന ചെയ്ത വാട്ടർ പ്യൂരിഫയർ ന്റെ സമർപ്പണവും നടന്നു.

പ്രധാന അദ്ധ്യാപകൻ V M സുരേന്ദ്രൻ, പി. ടി. എ. പ്രസിഡണ്ട് K P ശിഹാബ്, SMC ചെയർമാൻ A P മനാഫ്, മുജീബ് താനാളൂർ, P ശങ്കരൻ മാസ്റ്റർ എന്നിവർ പ്രസംഗിച്ചു

### പാദവാർഷിക പരീക്ഷ ഓഗസ്റ്റ് 18മുതൽ 26 വരെ

പാദവാർഷിക പരീക്ഷ ഓഗസ്റ്റ് 18ന ആരംഭിക്കും .ഓഗസ്റ്റ് 26നഅവസാനിക്കും. മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി വിശകലനാത്മക ചോദ്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം

# സ്കൂൾ പാർലമെന്റ് ഭാരവാഹികളെ തിരഞ്ഞെടുത്തു

2025 -26 വർഷത്തെ സ്കൂൾ പാർലമെന്റ് ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനുള്ള ഇലക്ഷൻ നടന്നു. ഓണപ്പരീക്ഷയുടെ തിരക്ക് പരിഗണിച്ച് മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി അതാത് ക്ലാസുകളിലെ കുട്ടികൾ അവരുടെ സമ്മതിദാന അവകാശം ബാലറ്റ് പേപ്പർ രീതിയിൽ വിനിയോഗിച്ചു. ക്ലാസ് പ്രതിനിധികളുടെ സംഘമാണ് സ്കൂൾ പാർലമെന്റ് ഭാരവാഹികളെ തെരഞ്ഞെടുത്തത് സ്കൂൾ ലീഡറായി ഫാത്തിമ റൂഫദ് കെ(9A) യെ തെരഞ്ഞെടുത്തു മറ്റു പ്രതിനിധികൾ :ഡെപ്യൂട്ടി ലീഡർ -ഫാരിദ പി(10 B) സ്പീക്കർ- ജംഷിയ ജെബിൻ(10C) സ്കൂൾ അച്ചടക്കച്ച സമിതി ചെയർമാൻ -മുഹമ്മദ് അമീർ പി കെ(10E), സ്കൂൾ ശുചിത്വ ആരോഗ്യ പരിപാലന ചുമതല -മുഹമ്മദ് ഹർഷദ് കെ(8B), സ്കൂൾ കലാസാംസ്കാരിക പ്രവർത്തനങ്ങളുടെ ചുമതല- മുഹമ്മദ് ദിയാൽ പി(6A)

സ്കൂൾ പാർലമെൻറ് സാമാജികൻമാരുടെ ആദ്യ യോഗം അന്ന് ഉച്ചയ്ക്കു 2 മണിക്ക് ചേർന്നു .തെരഞ്ഞെടുക്കപെട്ട പ്രതിനിധികൾ സത്യവാചകം ചൊല്ലി അധികാരം ഏറ്റു . തെരെഞ്ഞെടുക്കപ്പെട്ട എല്ലാവരെയും അനുമോദിച്ചു

## സ്കൂൾ പാർലമെന്റ് ഭാരവാഹികൾ



സ്കൂൾ ലീഡർ ഫാത്തിമ റുഷ്ദാ K(9A)



ഡെ. ലീഡർ ഫാത്തിമ റിദ പി (10B)



സ്പീക്കർ ജൻഷിയ ജബിൻ പി (10C)



അച്ചടക്ക സമിതി അധ്യക്ഷൻ മുഹമ്മദ് അമീർ PK (10E)



കല സാംസ്കാരിക ചുമതല മുഹമ്മദ് ദിയാൽ P(6A)



ശുചിത്വ ആരോഗ്യ ചുമതല മുഹമ്മദ് ഹർഷിദ് K(8B)

## സ്വാതന്ത്ര്യ ദിനം ആചരിച്ചു

രാജ്യത്തിന്റെ 79 ആം സ്വാതന്ത്ര്യാദിനം പൂർവാധികം ഭംഗിയായി ആചരിച്ചു. രാവിലെ 9 മണിയോടെ



പ്രധാന അദ്ധ്യാപകൻ സുരേന്ദ്രൻ സർ (V Mസുരേന്ദ്രൻ ) പതാക ഉയർത്തിയതോടെ ചടങ്ങുകൾ ആരംഭിച്ചു.SPC കുട്ടികളുടെ പരേഡിന് ശേഷം,സംസ്ഥാന തല SPC ക്യാമ്പിൽ ആന്റി ഡ്രഗ് അംബാസിഡർ ആയി തെരഞ്ഞുടുത്ത ഫാസിൽ T (10A)യെ അനുമോദിക്കുകയും ബാഡ്ജ് അണിയിക്കുകയും ചെയ്തു. അനഷ, സുമയ എന്നീ കാടെറ്റ്റു കൾ സ്വാതന്ത്ര്യ ദിന സന്ദേശം നൽകി തുടർന്ന് സീനിയർ അസിസ്റ്റന്റ് രോഹിണി ടീച്ചർ, സ്റ്റാഫ് സെക്രട്ടറി നൗഷാദ് മാസ്റ്റർ, PTA പ്രസിഡന്റ് KP ശിഹാബ്, SMC ചെയർമാൻ AP മനാഫ്, സാലിഹ് മാസ്റ്റർ എന്നിവർ സ്വാതന്ത്ര്യ ദിന ആശംസകൾ നേർന്നു. കുട്ടികൾ അവതരിപ്പിച്ച കലാപരിപാടികൾ ആഘോഷപരിപാടികളുടെ മാറ്റ് കൂട്ടി. സ്വാതന്ത്ര്യ ദിന പരിപാടികളിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കുംമധുരംനൽകി

## ഇൻഡിപെൻഡൻസ് ഡേ അറബിക് ക്വിസ് വിജയികൾ

ഇൻഡിപെൻഡൻസ് ഡേ അറബിക് ക്വിസ് മത്സര വിജയികൾ .ഒന്നാം സ്ഥാനം സമാന 5 ഇ ക്ലാസ്സിൽ നിന്നും.രണ്ടാം സ്ഥാനം 7ഡി ക്ലാസ്സിലെ ഷംനാദ് .മൂന്നാം സ്ഥാനം ആയിഷ മിൻഹ 5എ

## ജേർണൽ മേക്കിങ് മത്സര വിജയികളെ പ്രഖ്യാപിച്ചു

സ്വാതന്ത്ര്യ ദിന തോടനുബന്ധിച്ചു ഇന്ത്യ എന്ന വിഷയത്തെ അധികരിച്ചു ഒരു ജേർണൽ നിർമ്മിക്കുവാനുള്ള മത്സാരത്തിലെ വിജയികളെ പ്രഖ്യാപിച്ചു .9എ ക്ലാസ്സിലെ ഷഹൻ കെ ഒന്നാമ് സ്ഥാനവും 8സി ക്ലാസ്സിൽനിന്നും തസ്രീഫ രണ്ടാം സ്ഥാനവും 8 ഡി ക്ലാസ്സിൽ നിന്നും അസീല വിപി മൂന്നാം സ്ഥാനവും നേടി



## മാതൃഭൂമി സീഡ് പ്രവർത്തനങ്ങൾ ആരംഭിച്ചു

ഫെഡറൽ ബാങ്കും മാതൃഭൂമി ദിനപത്രവും ചേർന്ന് കുട്ടികളിൽ പാരിസ്ഥിതിക അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സീഡ് പദ്ധതികളുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു .2025 ജൂൺ 5മുതൽ 2026 ജൂണ് 5 വരെ നീളുന്ന പ്രവർത്തനങ്ങളാണ് വിഭവനാം ചെയ്തിരിക്കുന്നത് .

ജൂൺ മാസത്തിലെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നത് പരിസ്ഥിതി ഡയറി തയാറാക്കാൻ ആണ് .മാതൃഭൂമി പാത്രത്തിൽ 2025ജൂൺ 5മുതൽ ഡിസംബർ 31വരെ പ്രസിദ്ധീകരിക്കുന്ന പരിസ്ഥിതി വാർത്തകൾ മുറിച്ചെടുത് ഡയറി യിൽ ഒട്ടിച്ചുവയ്ക്കുകയും അതിനോട് ചേർത്ത് വാർത്തയുടെ ഉള്ളടക്കം ഒന്നോ രണ്ടോ വരിയിൽ രേഖപ്പെടുത്തുകയും വേണം .LP ,UP ,ഹൈസ്കൂൾ ക്ലാസ്സുകളിലെ കുട്ടികൾക്ക് പങ്കെടുക്കാം

ജൂലൈ മാസത്തെ പ്രവർത്തനമായി ഉൾപ്പെടുത്തിയിരിക്കുന്നത് പ്ലാസ്റ്റിക്കിനെ കുറിച്ചുള്ള കവിത തയാറാക്കലാണ് .LP ,UP ഹൈസ്കൂൾ ക്ലാസ്സിലെ കുട്ടികൾക്ക് പങ്കെടുക്കാം .

ഓഗസ്റ്റ് മാസത്തെ പ്രവർത്തനത്തിൽ രക്ഷിതാക്കളാണ് പങ്കെടുക്കേണ്ടത്.കുട്ടിയുമായി ഉള്ള ഏതു സന്തോഷകരമായ നിമിഷവും ഫോട്ടോ എടുത്തു സീഡ് കോഓർഡിനേറ്റർ ക്കു അയച്ചു കൊടുക്കാം .

സെപ്തംബര് മാസത്തെ പ്രവർത്തനം ഒരു പഴങ്കഥ തയാറാക്കലാണ്

ഒക്ടോബറിലെ പ്രവർത്തനം ഈർക്കിൽ ചിത്രം തയാറാക്കലാണ്

നവംബറിലെ പ്രവർത്തനം നാട്ടറിവുകളുടെ ശേഖരണംതയറാക്കലാണ് J

ഇതുവരെ ഉള്ള സീഡ് പ്രവർത്തനങ്ങളുടെ ഒരു ചരിത്ര പുസ്തകം തയാറാക്കലും പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു .പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കൽ ,വൃക്ഷത്തൈനടൽ ,പരിസ്ഥിതിതിക പ്രശ്നങ്ങൾ സാധാരണ ജനങ്ങളിൽ എത്തിക്കുന്ന സീഡ് റിപ്പോർട്ടിങ് ഇവ സീഡ് പ്രവർത്തനങ്ങളിൽ ഉൾപെടും

## ഓണാഘോഷ പരിപാടികൾ 27ന്

ഈ വർഷത്തെ ഓണാഘോഷ പരിപാടികൾ ഓഗസ്റ്റ് 27 ബുധനാഴ്ച നടത്താൻ തീരുമാനിച്ചിരിക്കുന്നു .അന്നേദിവസം രാവിലെ LP ,UP ,HS വിഭാഗങ്ങൾ പ്രത്യേകമായി പൂക്കളമിടുന്നതോടെ പരിപാടികൾ ആരംഭിക്കും .രാവിലെ 9.30 ഓടെ വിവിധ ഓണക്കളികൾ നടത്താൻ തീരുമാനിച്ചിരിക്കുന്നു .വടംവലി ,കസേര കളി ,കുപ്പിയിൽ വെള്ളം നിറയ്ക്കൽ ,സുന്ദരിക്ക് പൊട്ടുതുടൽ എന്നിവയ്ക്ക് ശേഷം കുട്ടികൾക്കായി വിഭവസമൃദ്ധമായ ഒരു ഓണ സദ്യയും ഏർപ്പെടുത്തിയിട്ടുണ്ട്

## പ്രതിഭ ആദരം

താനാളൂർ പഞ്ചായത്ത്, അറിവകം പ്രതിഭ ആദരം ഓഗസ്റ്റ് 16 ശനിയാഴ്ച ജി എൽ പി എസ് കെ പുരത്തിൽ വച്ചു നടന്നു . ഐ സ് ആർ ഓ സ്റ്റുടെന്റ് ഔട്ട് റീച് പ്രോഗ്രാം ഇൽ പങ്കെടുത്ത ഹരിനന്ദിനും, L S S U S S പരീക്ഷകളിൽ ഉന്നത വിജയം നേടിയ കുട്ടികൾക്കും സർട്ടിഫിക്കറ്റ് വിതരണം ചെയ്തു

## പ്രിലിമിനറി ക്യാമ്പ് സെപ്റ്റംബർ 10 ന്

little kite 2025-28 ബാച്ചിന്റെ പ്രിലിമിനറി ക്യാമ്പ് സെപ്റ്റംബർ മാസം 10 ന് നമ്മുടെ സ്കൂളിൽ വച്ച് നടത്താൻ തീരുമാനിച്ചിരിക്കുന്നു .ക്യാമ്പ് നയിക്കുന്നത് പരിചയസമ്പന്നരായ അധ്യാപകർ ആയിരിക്കും .അന്നേദിവസം ഉച്ചയ്ക്ക് 2 മണിമുതൽ രക്ഷിതാക്കൾക്ക് വേണ്ടിയുള്ള ക്ലാസും ഏർപ്പെടുത്തിയിട്ടുണ്ട്.

## ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു

താനാളൂർ പഞ്ചായത്തിൽ മഞ്ഞപ്പിത്തം തുടർച്ചയായി റിപ്പോർട്ട് ചെയപെടുന്ന സാഹചര്യം പരിഗണിച് മഞ്ഞപ്പിത്തതിന്റെ വ്യാപനം തടയാൻ വേണ്ട മുൻകരുത്തലുകളെക്കുറിച്ച ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു

താനാളൂർ പഞ്ചായത്തിൽ ഓുത്തലുകളെക്കുറിച്ച ഒരു ബോധവത്കരണ ക്ലാസ് നേച്ചർ ക്ലബ്ബിന്റെ ഭാഗമായി സംഘടിപ്പിച്ചു .അസെംബ്ലിയിൽ വച്ച് മഞ്ഞപ്പിത്തം പകരുന്ന മാർഗങ്ങളെ കുറിച്ചും ,അത് തടയുന്നതിന് അനുവർത്തിക്കേണ്ട മാർഗങ്ങളെ കുറിച്ചും ഒരു ക്ലാസ് ക്ഷണിതാവായി എത്തിയ ആരോഗ്യ പ്രവർത്തക നൽകി .തെരുവ് നായ പ്രശ്നം മുൻ നിർത്തി പേവിഷബാധ പ്രതിരോധത്തെ പറ്റിയും ഒരു ക്ലാസ് അനുബന്ധമായി സംഘടിപ്പിക്കപ്പെട്ടു.

## കളറാക്കാം കലാമേള

സ്കൂൾ കലോത്സവം സെപ്തംബര് 16,17 തീയതികളിലായി നടത്താൻ തീരുമാനിച്ചു.

നമ്മളുടെ കുട്ടികളിലെ സർഗ്ഗവാസന പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ കലാപരമായ കഴിവുകൾക്ക് വേദിയൊരുക്കുന്നതിനുമായി നമ്മുടെ കലാലയം എക്കാലവും മുന്നിട്ടുതന്നേ നിന്നിട്ടുണ്ട് .പ്രതിഭാധനരായ അദ്ധ്യാപകരുടെ നേതൃത്വത്തിൽ തികഞ്ഞ അച്ചടക്കത്തോടെയും മികച്ച സംഘാടനത്തോടെയും മുൻവർഷങ്ങളിലെ പോലെ ഇക്കൊല്ലവും പരിപാടികൾ സംഘടിപ്പിക്കാനുള്ള ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു .

പ്രസംഗം ,പദ്യംചൊല്ലൽ ,ലളിതഗാനം മാപ്പിളപ്പാട്ട് ,നാടോടിനൃത്തം ,തിരുവാതിര ,ഒപ്പന

ഗ്രൂപ്പ് ഡാൻസ് മോണോആക്ട് ,മിമിക്രി ,നാടകം വട്ടപ്പാട്ട് തുടങ്ങി പല പരിപാടികളുടെയും റിഹേര്സലുകൾ ഇതിനോടകം കുട്ടികൾ ഒന്നിച്ചും കൂട്ടായും

തുടങ്ങികഴിഞ്ഞു .കുട്ടികളോടൊപ്പം എല്ലാത്തിനും കൈത്താങ്ങായി അധ്യാപകരും